# INDIAN SCHOOL AL WADI AL KABIR

| CLASS: X | DEPARTMENT: MALAYALAM | DATE : 29/03/2023 |
|---|---|---|
| Class Note | Lesson: പ്രിയദർശനം | Topic: OTQ & Descriptive |

## പ്രിയദർശനം

***പര്യായപദങ്ങൾ*** :

പ്രാണൻ: ജീവൻ, അസു, ചേതന/ മഞ്ഞ്: ഹിമം, തുഷാരം, നീഹാരം/ കണ്ഠം: കഴുത്ത്, ഗളം, ഗ്രീവം/ യതി: സന്ന്യാസി, ഭിക്ഷു, പരിവ്രാജകൻ/കണ്ണീർ: അസ്രം, അശ്രു, മിഴിനീർ/ സഖി: ആളി, തോഴി, വയസ്യ/ മൊഴി : വാക്ക്, വാണി, ഉക്തി./ ഭവനം: ആലയം, സദനം, നിലയം/ സുമം : പുഷ്പം, സൂനം, പൂവ്/ വല്ലി: ലത, വള്ളി, വല്ലരി

***നാനാർത്ഥം:***

നളിനി: താമര, ഒരു പേര്/ പ്രാണി: മനുഷ്യൻ, കീടം/ യതി: സന്ന്യാസി, വിരാമം/ ഭവനം: വീട്, വയൽ/ വല്ലി: വള്ളി, യുവതി/ വടിവ്: രൂപം, ഭംഗി/ മതി: ബുദ്ധി. ചന്ദ്രൻ, / പ്രണയം: സ്നേഹം, പഴക്കം/ വാഴുക : ജീവിക്കുക, ഭരിക്കുക/ ആഗതം: വരവ്, സംഭവം/ സപദി: പെട്ടെന്ന്, ഇപ്പോൾ

***അർത്ഥവ്യത്യാസം*** :

വൃഥാ= വെറുതെ വ്യഥ=ദു:ഖം/ചിരം=വളരെ ചീരം =മരവുരി ചരം=നീങ്ങുന്നത്/ പ്രാണി=ജീവി പാണി=കൈ/ യതി=സന്ന്യാസി മതി=ബുദ്ധി/ കണ്ഠം=കഴുത്ത് കണ്ടം=വയൽ/ ഭവനം=വീട് ഭുവനം= ലോകം/ ദിഷ്ടം=ഭാഗ്യം ദൃഷ്ടം=ദർശനം/ ദൃഷ്ടൻ=കാണപ്പെട്ടവൻ ദുഷ്ടൻ=ക്രൂരൻ/ ഏവം=ഇപ്രകാരം ഏകം= ഒന്ന്/ ഹേതു=കാരണം കേതു =കൊടി

***എതിർലിംഗം*** :

ഭവാൻ - ഭവതി/ ധീര - ധീരൻ/ സന്ന്യാസി - സന്ന്യാസിനി/ ദുഷ്ടൻ - ദുഷ്ട/ ചപലൻ -ചപല/ സഖി - സഖാവ്, സഖൻ/ ധന്യ - ധന്യൻ/ പ്രാണി - പ്രാണിനി

***വിപരീതപദം:***

ധീരൻ X ഭീരു / പ്രിയം X അപ്രിയം/ സമീപം X വിദൂരം, ദൂരം/ ഇഷ്ടം X അനിഷ്ടം/ വികലം X അവികലം/ വിവേകം X അവിവേകം/ സ്മരിക്കുക X വിസ്മരിക്കുക

***പിരിച്ചെഴുതുക*** :

വടിവിയന്ന് =വടിവ് + ഇയന്ന് /ചിരമഹോ=ചിരം + അഹോ / പ്രിയമൊരിക്കൽ=പ്രിയം+ഒരിക്കൽ / തന്നെയോർത്ത്=തന്നെ+ഓർത്ത് / അങ്ങെന്നെ= അങ്ങ്+എന്നെ / തൂവിനാൾ=തൂവി +ആൾ / സുഖോദയം= സുഖ+ഉദയം / സ്മൃതിയിൽ = സ്മൃതി+ഇൽ / നമുക്കയേ= നമുക്ക്+അയേ / ധാരയാർന്ന=ധാര+ ആർന്ന / സാരമായ്=സാരം+ ആയ് / പൂരിതാഭ= പൂരിത+ആഭ

***വിഗ്രഹിക്കുക*** **:**

ഭവൽപദം= ഭവാൻെറ പദം / സുഖോദയം= സുഖത്തിൻെറ ഉദയം / പൂരിതാഭ= പൂരിതമായ ആഭ/ പ്രണയചാപലം= പ്രണയത്താലുള്ള ചാപലം / അപ്രിയം= പ്രിയമല്ലാത്തത് / കർമ്മനീതർ= കർമ്മത്താൽ നീതർ / അന്യജീവൻ= അന്യൻെറ ജീവൻ / സ്വജീവിതം = സ്വന്തം ജീവിതം / ചാരുശൈശവകഥ= ചാരുവായ ശൈശവകഥ /

***ഉത്തരമെഴുതുക***

1. *"പോയതൊക്കെയഥവാ, നമുക്കയേ പ്രായവും സപദി മാറി കാര്യവും" ദിവാകരൻ ഇങ്ങനെ പറയുന്നതിൻെറ പൊരുളെന്ത്?*

ദിവാകരനെക്കുറിച്ചുള്ള ബാല്യകാലസ്മരണകളിൽ മുഴുകി ജീവിതം നയിക്കുന്ന നളിനിയോട് ദിവാകരൻ പറയുന്ന വാക്കുകളാണിവ. പ്രായവും, കാലവും, ജീവിത ലക്ഷ്യവുമെല്ലാം മാറിയിരിക്കുന്നുവെന്നും കഴിഞ്ഞുപോയ സംഭവങ്ങളെല്ലാം കൗമാര ചാപല്യങ്ങളായിരുന്നുവെന്നും അയാൾ നളിനിയെ ഓർമ്മിപ്പിക്കുന്നു. താൻ ഇന്നൊരു സന്ന്യാസിയാണ്. ഈശ്വരസാക്ഷാത്കാരമാണ് തൻെറ ലക്ഷ്യം. കാലവും, പ്രായവും നൽകിയ പക്വത തൻെറ ജീവിതലക്ഷ്യത്തിൽ വരുത്തിയ മാറ്റം നളിനിയെ ബോധ്യപ്പെടുത്തുകയാണ് ദിവാകരൻ.

2. "*കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ, പണ്ടു നിന്നെയൊരിളം കുരുന്നതായ് കണ്ടു ഞാൻ, സപദി വല്ലിയായി നീ, ആശയം വിശദമാക്കുക*

വളരെക്കാലത്തിന് ശേഷം ഹിമാലയത്തിൽ കണ്ടു മുട്ടിയ നളിനിയെ ദിവാകരന് പെട്ടെന്ന് തിരിച്ചറിയാനാകുന്നില്ല. നളിനിയെ ഉടൻ തിരിച്ചറിയാൻ കഴിയാതിരുന്നതിൻെറ കാരണം വിശദീകരിക്കുകയും ദു:ഖിക്കുന്ന അവളെ ആശ്വസിപ്പിക്കുകയുമാണ് ദിവാകരൻ. പണ്ട് ഒരു ഇളം കുരുന്നായിരുന്ന നളിനി ഇന്നൊരു വല്ലിയായി മാറിയിരിക്കുന്നു. അതുകൊണ്ടാണ് കണ്ട മാത്രയിൽ അവളെ തിരിച്ചറിയാൻ കഴിയാതെ പോയത്. അതോർത്ത് കരയുകയോ ദു:ഖിക്കുകയോ വേണ്ടെന്നു പറഞ്ഞ് അയാൾ അവളെ സാന്ത്വനിപ്പിക്കുന്നു.

3. *"ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ." നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിൻെറ കാരണമെന്ത്?*

വളരെ നാളുകൾക്ക് ശേഷം ഹിമാലയത്തിൽ കണ്ടു മുട്ടിയ നളിനിയെ ദിവാകരന് പെട്ടെന്ന് തിരിച്ചറിയാനാകുന്നില്ല. തന്നെ അദ്ദേഹം മനസിലാക്കാനും പൂർവകാലസംഭവങ്ങൾ ഓർമ്മിക്കാനും വേണ്ടി നളിനി പറയുന്ന വാക്കുകളാണിവ. പണ്ട് അദ്ദേഹത്തിന് ഏറെ പ്രിയപ്പെട്ടവളായിരുന്ന നളിനിയാണ് താൻ എന്നു പറഞ്ഞാണ് അവൾ സ്വയം പരിചയപ്പെടുത്തുന്നത്. സന്ന്യാസജീവിതം നയിക്കുന്ന ദിവാകരനെ ബാല്യകാലസ്മരണകൾ ഉണർത്തി ലൗകികജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനും തൻെറ മനോഗതം അറിയിക്കാനുമാണ് നളിനി ഇങ്ങനെ പറയുന്നത്.

4. *“അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ” വിശദീകരിക്കുക*

ദിവാകരനെ തേടി ഹിമാലയത്തിൽ എത്തിയ നളിനിയോട് ദിവാകാരൻ പറയുന്ന വാക്കുകളാണിവ. സന്ന്യാസത്തിലൂടെ ജീവിത വിരക്തനായിത്തീർന്ന അയാൾ നളിനിയുടെ സ്നേഹപ്രകടനങ്ങൾക്കോ പഴയകാല സംഭവവിവരണങ്ങൾക്കോ യാതൊരു പ്രാധാന്യവും നൽകുന്നില്ല. മാത്രമല്ല, അലൗകിക സ്നേഹത്തിൻെറ മഹത്ത്വം അവളെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. മറ്റുള്ളവർക്ക് നന്മ ചെയ്യുമ്പോഴാണ് നമ്മുടെ ജീവിതം അർത്ഥപൂർണ്ണമായിത്തീരുന്നത്. അങ്ങനെയുള്ളവരാണ് വിവേകശാലികൾ. അത്തരം ഒരു ജീവിതത്തിന് പരിശ്രമിക്കാൻ നളിനിയെ ഉപദേശിക്കുകയാണ് ദിവാകാരൻ.

***